പി. എസ്. സി.യുടെ വിശ്വാസ്യത നിലനിർത്താൻ നടപടി

4 [*151] ശ്രീ. തോമസ് ചാഴികാടൻ :

,, റോഷി അഗസ്റ്റിൻ :

,, കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. എസ്. സി. പരീക്ഷയുടെ ചോദ്യക്കടലാസുകൾ ചോർത്തി നൽകി വൻതുക തട്ടിയെടുക്കുന്ന സംഘങ്ങൾ പ്രവർത്തിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ ;

(സി) പി. എസ്. സി.യുടെ വിശ്വാസ്യത നിലനിർത്തുന്നവിധം പരീക്ഷാ നടത്തിപ്പ് കുറ്റമറ്റതാക്കാൻ നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) :

(എ) ഇല്ല. എന്നാൽ പി. എസ്. സി.യുടെ ചോദ്യപേപ്പർ ചോർന്നതു സംബന്ധമായ ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) ഉണ്ട്. (1) കൊല്ലം ജില്ലയിൽ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിൽ പി. എസ്. സി. നടത്തിയ പരീക്ഷയുടെ ചോദ്യപേപ്പർ തിരുവനന്തപുരം തൈക്കാട് മോഡൽ ഹൈസ്ക്കൂൾ, എൽ. പി. വിഭാഗത്തിൽ നിന്നും പ്യൂൺ മോഷ്ടിച്ച് മറ്റു രണ്ടു പേരോടൊപ്പം ചിലർക്ക് ചോർത്തിക്കൊടുത്തത് സംബന്ധിച്ച് ക്രൈംബ്രാഞ്ച് 321/സി.ആർ./എ./ഡബ്ല്യൂ/03 യു.എസ്./120(ബി), 457, 461, 381 ആന്റ് 420 ഐ.പി.സി. ആയി ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി പ്രതികളെ അറസ്റ്റ് ചെയ്ത് ടിയാൻമാർക്ക് എതിരെ കുറ്റപത്രം സമർപ്പിക്കുകയും ടി കേസ് സി.സി.167/04 നമ്പരായി തിരുവനന്തപുരം ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ട് കോടതിയിൽ വിചാരണയിൽ ഉള്ളതുമാണ്.

(2) പി.എസ്.സി. 2003 വർഷത്തിൽ കോട്ടയം ജില്ലയ്ക്കുവേണ്ടി നടത്തിയ എൽ. ഡി. സി. പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നതുമായി ബന്ധപ്പെട്ട് ക്രൈം.267/സി.ആർ/കെ.റ്റി.എം./04 ആയി കേസ് രജിസ്റ്റർ ചെയ്ത് ക്രൈംബ്രാഞ്ചിന്റെ അന്വേഷണം നടത്തിവരുന്നു.

(3) പി.എസ്.സി. 2003-ൽ വയനാട് ജില്ലയ്ക്കുവേണ്ടി നടത്തിയ എൽ.ഡി.സി. പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നതുമായി ബന്ധപ്പെട്ട് ക്രൈം.144/സി.ആർ./എസ്. III/04 ആയി ഒരു കേസ് രജിസ്റ്റർ ചെയ്ത് ക്രൈംബ്രാഞ്ച് അന്വേഷിച്ചുവരുന്നു.

(സി) പി.എസ്.സി.യുമായി ചർച്ചചെയ്ത് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly